ശ്രീ. ടി. വി. തോമസ്: ഡിപ്പാർട്ടുമെന്റിൽ ആക്ടും സ്ഥലം മാറ്റം കൊടുത്തുകൊണ്ടുള്ള വല്ല ഉത്തരവും അയച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങിനെ ഉത്തരവൊന്നുമില്ല.

ശ്രീ പി. കെ. കൃഷ്ണൻശാസ്ത്രി: തിരുവിതാംകൂർ വിഭാഗത്തിൽ മാത്രമെ ഇരുപതിലധികം സ്ഥിരപ്പെടുത്താത്ത കേസ്സുകളും ഉള്ളൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ട്. അതിന്റെ കാരണമാണ് (സി) ഭാഗം ഉത്തരത്തിൽ പറഞ്ഞതു്.

ശമ്പള പരിഷ്കാരം

*വ്യ വ്വ. (ഫ നാ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നല്കുമോ.—

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ ശമ്പളപരിഷ്കാരം സംബന്ധിച്ചു് എന്തെങ്കിലും നടപടികളും എടുത്തിട്ടുണ്ടോ?

വ്യവസായവും, എക്സൈസും, പ്രാദേശിക സ്വയം ഭരണവും വകുപ്പു് മന്ത്രി (ശ്രീ. എൻ കുഞ്ഞുരാമൻ): ഉണ്ടു് ശമ്പളപരിഷ്കരണം ഉൾപ്പെടെ ഒരു പുന സംഘടനാപദ്ധതി അനുവദിച്ചിട്ടുണ്ടു്. സ്റ്റാഫ് ഇൻസ്പെക്ഷൻ നടന്നിട്ടില്ലാത്തതുകൊണ്ടു് ഈ പദ്ധതി നടപ്പിൽ വന്നിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ശമ്പളപരിഷ്കരണത്തോടുകൂടി എതെങ്കിലും ഒരു പുതിയ സ്കീം രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും ഗവൺമെന്റിലേക്കു് ശുപാർശചെയ്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: രജിസ്ട്രേഷൻ ഡയറക്ടരുടെയും റീ ആർഗനൈസേഷൻ കമ്മിറ്റിയുടെയും പദ്ധതികളും പരിശോധിച്ചതിനുശേഷമാണു് ഗവൺമെന്റു് ഈ പദ്ധതി അംഗീകരിച്ചിട്ടുള്ളതു്. സ്റ്റാഫിന്റെ സംയോജനം നടക്കാത്തതുകൊണ്ടു് ആ പദ്ധതി ഇപ്പോൾ നടപ്പിൽ വന്നിട്ടില്ലെന്നേ ഉള്ളൂ.

Sri. K. Sivarama Pillai: Is there any graduate in the Registration Department who is drawing below Rs. 80?

Sri. N. Kunjuraman: I cannot say definitely.

എൻ. ജി. ഒ. സംഘടന

*വ്യ ൈൻ. (ഫ ൈ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) എൻ. ജി. ഒ. സംഘടന ഇന്നു നിലവിലുണ്ടോ?

(ബി) അവരുടെ നിവേദനങ്ങൾ ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ; ഏറ്റവും ഒടുവിൽ കിട്ടിയ നിവേദനം എന്താണെന്നു പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) തിരുവിതാംകൂർ എൻ. ജി. ഒ. സംഘടനയെന്നും കൊച്ചി എൻ. ജി. ഒ. സംഘടനയെന്നും രണ്ടു സംഘടനകൾ ഇപ്പോൾ നിലവിലുണ്ടു്.

(ബി) ഉണ്ടു്. ഏതു സംഘടനയുടെ ഏതു നിവേദനത്തെപ്പറ്റിയാണു് ചോദ്യത്തിൽ വിവക്ഷിക്കുന്നതെന്നു് അറിയാൻ പാടില്ലാത്തതിനാൽ മറുപടി പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly